"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി.നിഷമോൾ കെ ടി യുടെ മകളുടെ വിവാഹത്തിന് ധനസഹായം അനുവദിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1732/2026/LSGD തീയതി. 14-09-2026,തിരുവനന്തപുരം

---

പരാമർശം:-
1. സ ഉ(കൈ) നം.82/2023/ധന.തീയതി 01.08.2023.
2. ശ്രീമതി.നിഷമോൾ കെ ടിയുടെ 6.3.2026 ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.05.2026-ലെ LSGD/PD/10167/2026-DEF5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി.നിഷാ മോൾ.കെ.ടി യുടെ മകളുടെ വിവാഹത്തിന് ധന സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി.നിഷമോൾ കെ ടിയ്ക്ക് മകളുടെ വിവാഹാവശ്യത്തിനായി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6% പലിശനിരക്കിൽ 3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) രൂപയുടെ വായ്പ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i). തുക കൈമാറുന്നതിന് മുൻപായി അപേക്ഷകയിൽ നിന്നും 200/- രൂപ വിലയുള്ള

മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

**ii).** പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

**iii).** ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് **1** വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് അപേക്ഷകയുടെ **DCRG** യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

**vi).** പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകയുടെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി **2026-27** സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

**v).** വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരിയുടെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

**vi).** പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് **IV**/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, ചേർപ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീമതി.നിഷമോൾ കെ ടി, ഫുൾടൈം സ്വീപ്പർ, ചേർപ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ)വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ കെ എം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(L2/159/2026 തീയതി 2/9/2026).

ഓഫീസ് പകർപ്പ് /കരുതൽ ഫയൽ (ഇ പി എ2/209/2026-തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 14-09-2026
15:10:07
സെക്ഷൻ ഓഫീസർ